പൊതുമേഖലാ സ്ഥാപനമായ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയും (SAIL) കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡും (KMML) ചേർന്ന് സംയുക്ത മേഖലയിൽ 3000 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന 10,000 ടൺ ഉൽപ്പാദനശേഷിയുള്ള ഒരു ടൈറ്റാനിയം സ്പോഞ്ച് പദ്ധതി നടപ്പാക്കുന്നതിനായി 2013 ഏപ്രിൽ മാസം 4-ാം തീയതി ഒരു ധാരണാപത്രം ഒപ്പുവച്ചിരുന്നു. തുടർന്ന് പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി മേൽപ്പറഞ്ഞ മൂന്ന് സ്ഥാപനങ്ങളുടെയും പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു കമ്മിറ്റിയും രൂപീകരിച്ചിരുന്നു. സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ പദ്ധതിയുടെ സാദ്ധ്യതാപഠന റിപ്പോർട്ട് മെക്കോൺ എന്ന സ്ഥാപനം മുഖേന നടത്തുകയുണ്ടായി. പ്രസ്തുത കമ്മിറ്റി പലതവണ കൂടുകയും പദ്ധതി മുന്നോട്ട് കൊണ്ടുപോകുന്നതിനായി സാങ്കേതികവിദ്യ തേടുന്നതിനുള്ള താൽപ്പര്യപ്രകടനം (Eol) ക്ഷണിക്കുവാനുള്ള തീരുമാനമെടുക്കുകയും ചെയ്തു.

(സി) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി പുതുതായി സംയുക്ത സംരംഭങ്ങൾ തുടങ്ങിയിട്ടില്ല.

ആലപ്പുഴയിലെ കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപണി വിപുലീകരിക്കുന്നതിനും ആധുനികവത്ക്കരണത്തിനും വേണ്ടി കേന്ദ്രപൊതുമേഖലാ സ്ഥാപനമായ HLL ലൈഫ് കെയർ ലിമിറ്റഡുമായി ചേർന്നുള്ള സംയുക്ത സംരംഭത്തിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു.

കെൽട്രോണും ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡുമായി ചേർന്ന് പ്രവൃത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കേന്ദ്രസർക്കാർ സ്ഥാപനമായ പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമ്പോൾ കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളുമായുള്ള സംയുക്ത സംരംഭം, സഹകരണം എന്നിവയുടെ സാധ്യതകൾക്ക് മുൻഗണന നൽകാറുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് പ്രത്യേകമായി പഠനം നടക്കുന്നില്ല.

മലിനീകരണ നിയന്ത്രണം

15 (*45) ശ്രീ. എസ്. രാജേന്ദ്രൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) മലിനീകരണ നിയന്ത്രണ കാര്യത്തിൽ വിവിധ വകുപ്പുകളുമായി ഏകോപനം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് വൻ ജനപങ്കാളിത്തമുണ്ടാക്കുന്ന തീർത്ഥാടന കേന്ദ്രങ്ങളിലും മറ്റും മലിനീകരണമുണ്ടാകാതിരിക്കാനുള്ള മുൻകരുതലുകൾ എടുക്കുന്നതിനുള്ള പ്രവർത്തനം ഏകോപിപ്പിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വൻതോതിൽ അന്തരീക്ഷ മലിനീകരണവും മറ്റും ഉണ്ടാകുന്ന തരത്തിൽ വിദ്യാലയപരിസരങ്ങളിലടക്കം പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ കത്തിക്കുന്നത് തടയുന്നതിന് സാദ്ധ്യമാകുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കുടിവെള്ള വിതരണ പദ്ധതി വഴി മാലിന്യമുക്തമായ ജലമാണ് വിതരണം ചെയ്യുന്നതെന്ന് ഉറപ്പ് വരുത്താറുണ്ടോ; വിശദമാക്കാമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) സംസ്ഥാനത്ത് മലിനീകരണ നിയന്ത്രണം നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടെയും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, കെ.എസ്.യു.ഡി.പി., കേരള വാട്ടർ അതോറിറ്റി, ശുചിത്വമിഷൻ എന്നീ ഏജൻസികളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ശബരിമല തീർത്ഥാടനം, ആറ്റുകാൽ പൊങ്കാല, ആലുവ ശിവരാത്രി, മാരാമൺ കൺവെൻഷൻ തുടങ്ങി സംസ്ഥാനത്ത് വൻ ജനപങ്കാളിത്തമുണ്ടാകുന്ന തീർത്ഥാടനങ്ങളോടനുബന്ധിച്ച് മലിനീകരണം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ എല്ലാ വർഷവും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും, ശുചിത്വ മിഷനും സ്വീകരിച്ചുവരുന്നു. തീർത്ഥാടന കാലത്ത് വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാരും സ്വീകരിച്ചിട്ടുണ്ട്.

(സി) മാലിന്യങ്ങൾ പൊതുസ്ഥലത്തും മറ്റും കത്തിക്കുന്നത് മുനിസിപ്പൽ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ പ്രകാരം നിരോധിച്ചിരിക്കുന്നു. മതിയായ മാലിന്യശേഖരണവും ശാസ്ത്രീയമായ നിർമ്മാർജ്ജനവും പല കോർപ്പറേഷനുകളിലും നഗരസഭകളിലും ഫലപ്രദമായി നടക്കാത്തതിനാൽ പൊതുനിരത്തുകളിൽ മാലിന്യങ്ങൾ കത്തിക്കുന്നത് തടയുന്നത് പൂർണ്ണമായും നിയന്ത്രിക്കാൻ കഴിഞ്ഞിട്ടില്ല. മുനിസിപ്പൽ സോളിഡ് വേസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

സംസ്കരിക്കുന്നതിലെ പോരായ്മകൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

(ഡി) ഉണ്ട്. കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം ശുദ്ധീകരണശാലകളിൽ ശുദ്ധീകരിച്ചും ഇൻഫിൽട്രേഷൻ ഗ്യാലറികളിൽ നിന്നും ലഭ്യമാക്കുന്ന വെള്ളം ബ്ലീച്ചിംഗ് പൗഡർ, ക്ലോറിൻ മുതലായവ ഉപയോഗിച്ച് അണുവിമുക്തമാക്കിയിട്ടുമാണ് വിതരണം ചെയ്യുന്നത്. ഇവ വിവിധ ശുദ്ധീകരണശാലകളിലെ ഗുണനിലവാര പരിശോധനാ ലാബുകളിൽ പരിശോധിച്ച് Central Public Health & Environmental Engineering Organisation (CPHEEO)അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തിയശേഷമാണ് വിതരണം ചെയ്യുന്നത്. ഇതിനുപുറമേ കേരള വാട്ടർ അതോറിറ്റിയുടെ ഗുണനിലവാര പരിശോധനാ ലാബുകളിൽ ഉദ്യോഗസ്ഥർ കാലാകാലങ്ങളിൽ ഗുണനിലവാര പരിശോധന നടത്താറുമുണ്ട്.

അവിവാഹിതരായ ആദിവാസി അമ്മമാർ

16 (*46) ശ്രീ. മാത്യു റ്റി.തോമസ്:
ശ്രീമതി ജമീലാ പ്രകാശം:
ശ്രീ. സി. കെ. നാണു:
ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അവിവാഹിതരായ ആദിവാസി അമ്മമാരെ സംബന്ധിച്ച കണക്ക് സർക്കാരിന്റെ പക്കലുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) അവിവാഹിതരായ ആദിവാസി അമ്മമാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് 1051 അവിവാഹിതരായ ആദിവാസി അമ്മമാരാണുള്ളത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly